# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 857** 25/01/2018 **-ലെ മറുപടിയ്ക്ക്**

## ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

| | **ചോദ്യം**<br>**ശ്രീ. ജോൺഫെർണാണ്ടസ്** | **മറുപടി**<br>**ശ്രീ. എ.കെ. ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി)** |
|---|---|---|
| (എ) | ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24.01.2017-ൽ ചേർന്ന യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, പൊതുവിദ്യാഭ്യാസം, പൊതുഭരണം, റവന്യൂ സാംസ്കാരികം എന്നീ വകുപ്പുകൾക്ക് അയച്ചു കൊടുത്ത യോഗ നടപടിക്കുറിപ്പിന്മേൽ പ്രസ്തുത വകുപ്പുകൾ നടപടി സ്വീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ? | **എ-യും ബി-യും**<br><br>**ഫയൽ നം 199/സി/11/കെഎസ് സിബിസി .**<br>ആംഗ്ലോ ഇൻഡ്യൻ സമൂഹത്തിന് ലാറ്റിൻ കാത്തലിക് സമുദായത്തോട് ചേർന്ന് സർക്കാർ നിയമനങ്ങളിൽ 4% സംവരണം നിലവിലുണ്ട്. 24/01/2017-ൽ നടന്ന യോഗ തീരുമാനത്തിൽ ഈ സമുദായത്തിന്റെ സംവരണം സംബന്ധിച്ച കാര്യങ്ങൾ കമ്മീഷന്റെ പരിഗണനയിലാണ്. ഇതിന്മേൽ നടപടി സ്വീകരിക്കുന്നതിന് കേരളത്തിലെ ജാതി/സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസ പരവുമായ സർവ്വേ റിപ്പോർട്ടും, സർക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ജാതികൾക്കുള്ള പ്രാതിനിധ്യത്തെക്കുറിച്ചുള്ള വിവരങ്ങളും അത്യന്താപേക്ഷിതമാണ്.<br><br>**പൊതുവിദ്യാഭ്യാസ വകുപ്പ്**<br><br>**ഫയൽ നം. 1254818/എഫ്3/17/G.edn.**<br>പുതുതായി സ്കൂളുകൾ അനുവദിക്കുകയോ/അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നത് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ |
| (ബി) | ഇതു സംബന്ധിച്ച് പ്രസ്തുത വകുപ്പുകളിലുള്ള ഫയൽ നമ്പരുകൾ ഏതെല്ലാമാണെന്നും പ്രസ്തുത ഫയലുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | അധ്യായം V ചട്ടം 2, 2 എ യിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട റിട്ട് ഹർജി 3060/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിലെ 18/06/2015-ലെ വിധിന്യായ പ്രകാരം ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം സർക്കാർ കൈക്കൊള്ളുകയും വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും അതുവരെ ഒരു സ്കൂളും അപ്ഗ്രേഡ് ചെയ്യരുതെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ |

| | | |
|---|---|---|
| | | പ്രദേശങ്ങൾ ഉൾപ്പെടുത്തി 25.05.2016-ലെ അസാധാരണ ഗസറ്റ് 985-ാം നമ്പരായി പൊതു വിദ്യാഭ്യാസ ഡയറക്ടർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും, തുടർന്ന് ലഭ്യമായ പരാതികൾ/ആക്ഷേപങ്ങൾ പരിശോധിച്ച് ഏറ്റവും വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ 4 പ്രദേശങ്ങൾ 20.05.2017-ലെ അസാധാരണ ഗസറ്റ് നമ്പർ 1057, 10.10.2017-ലെ അസാധാരണ ഗസറ്റ് നമ്പർ 2192 എന്നിവ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ മറ്റ് 82 പ്രദേശങ്ങളിലെ കുട്ടികൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊട്ടടുത്ത സ്കൂളുകളിലേയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും ഉത്തരവായിട്ടുണ്ട്.<br>കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം V ചട്ടം 2, 2 എയിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി തുടർ നടപടികൾ കൈക്കൊണ്ട് മാത്രമെ അപ്ഗ്രേഡേഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നിലവിൽ അനുമതി നൽകാൻ നിർവ്വാഹമില്ല. ഇതു സംബന്ധിച്ച് സർക്കാർ വീണ്ടും നയപരമായ തീരുമാനമെടുക്കുമ്പോൾ ബന്ധപ്പെട്ടവർക്ക് അതിനുള്ള അപേക്ഷയുമായി സർക്കാരിനെ സമീപിക്കാവുന്നതാണ്. ആംഗ്ലോ ഇന്ത്യൻ സ്കൂളുകളുടെ upgradation ഈ സാഹചര്യത്തിൽ പ്രത്യേകമായി പരിഗണിക്കാൻ നിയമപരമായി കഴിയുന്നതല്ല.<br>ആംഗ്ലോ ഇന്ത്യൻ പ്രതിനിധി എം.എൽ.എ-യുടെ ഫണ്ടിൽ നിന്നും ഫണ്ട് ആ വിഭാഗക്കാർക്ക് ചിലവഴിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതിന് ജാതി സെൻസസ് സോഷ്യൽ മാപ്പിംഗ് എന്നിവ ആവശ്യമാണ്. ഈ ഡാറ്റ ലഭ്യമല്ലാത്തതിനാൽ മേൽ നടപടി സാധ്യമായിട്ടില്ല.<br>ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയത്തിന് ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ റവന്യു വകുപ്പ് മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല.<br><br>**<u>സാംസ്കാരിക വകുപ്പ്</u>**<br>ഫയൽ നം. (1) 470/B1/13/GAD<br>(2) E87/B1/17/GAD<br>കൊല്ലം ജില്ലയിലെ തങ്കശ്ശേരി പ്രദേശത്തെ സംരക്ഷണം സംബന്ധിച്ച വിഷയത്തിൽ പുരാവസ്തു വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. മാളയിലെ യഹൂദ സ്മാരകങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**